**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **01-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ ഷോപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റേഷൻ ഷോപ്പുകളിൽ നിന്നും കാർഡുടമകൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | പൊതുജനങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാക്കുന്ന തൻമാസ റേഷൻ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു. ഇതിനുപുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ റേഷൻ കടകൾ മുഖേന നൽകുന്നതിന്റെ ഭാഗമായി ആരംഭിച്ച "**കെ-സ്റ്റോർ**" പദ്ധതിപ്രകാരം പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം | | | | |
|---|---|---|---|---|---|
| ഇനം | എ.എ.വൈ (മഞ്ഞ) | മുൻഗണനാ വിഭാഗം(Priority) (പിങ്ക്) | മുൻഗണനേതര വിഭാഗം-സബ്സിഡി(NPS) (നീല) | മുൻഗണനേതര വിഭാഗം-നോൺ സബ്സിഡി(NPNS) (വെള്ള) | മുൻഗണനേതര സ്ഥാപനം (NPI) (ബ്രൗൺ) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം (സൗജന്യമായി)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്റ്റംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം (കിലോഗ്രാമിന് 2 രൂപ നിരക്കിൽ)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്റ്റംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം. (4 രൂപ നിരക്കിൽ) | ഓരോ കാർഡിനും ലഭ്യതയനുസരിച്ച് അതാതു മാസം നിശ്ചയിക്കുന്ന തോതിൽ കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ | കാർഡൊന്നിന് 2 കി.ഗ്രാം (10.90 രൂപ നിരക്കിൽ) |
| ഗോതമ്പ് | ഓരോ കാർഡിനും 4 കി.ഗ്രാം (സൗജന്യമായി) | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം. (2 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| ആട്ട | 1 കി.ഗ്രാം (6 രൂപ നിരക്കിൽ) | കാർഡിന് അനുവദിച്ചിട്ടുള്ള ആകെ ഗോതമ്പിൽ നിന്ന് 1 കിലോഗ്രാം കുറവു ചെയ്ത് അതിന് പകരം 1 പായ്ക്കറ്റ് ആട്ട (8 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| പഞ്ചസാര | കാർഡിന് 1 കി.ഗ്രാം വീതം (21 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | E കാർഡിന് (വൈദ്യുതീകരിച്ച വീട്) ½ ലിറ്ററും NE കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 6 ലിറ്ററും 3 മാസത്തിലൊരിക്കൽ ലിറ്ററിന് 85 രൂപ നിരക്കിൽ ലഭിക്കും. | | | | |